ഇതിന്റെ മുന്നോടിയായി നഗരാസൂത്രണ വകുപ്പിനെ നഗരഗ്രാമാസൂത്രണവകുപ്പെന്ന് പുനർ നാമകരണം ചെയ്യുകയും വകുപ്പിന്റെ പ്രവൃത്തി മണ്ഡലം ഗ്രാമപ്രദേശങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ വകുപ്പിന്റെ ജില്ലാഓഫീസുകളെ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ സ്പെഷ്യൽ പ്ലാനിംഗ് വിഭാഗമായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും നഗരപ്രദേശങ്ങളുടേയും ഗ്രാമപ്രദേശങ്ങളുടേയും സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ജില്ലാഭൂതല വികസന രൂപരേഖകൾ തയ്യാറാക്കുവാനും ഗ്രാമപ്രദേശങ്ങൾക്ക് മാത്രമായിട്ടുള്ള പ്രാദേശിക വികസന രൂപരേഖകൾ തയ്യാറാക്കുവാനുമുള്ള നടപടികൾ നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാ ഓഫീസുകൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

(സി) ഇതിലേക്കായി ഇപ്പോൾ പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളൊന്നും തന്നെ തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപ്രദേശങ്ങളിലേയ്ക്കും ഈ വകുപ്പിന്റെ സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) എല്ലാ ഗ്രാമപ്രദേശങ്ങൾക്കും അതാതു പ്രദേശത്തിന്റെ ആവശ്യങ്ങളും വികസന സാദ്ധ്യതകളും കണക്കിലെടുത്ത് രൂപരേഖകൾ തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യ വ്യക്തികൾ കയ്യേറിയ സർക്കാർ ഭൂമി

18 (*393)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി അവിഹിതമാർഗ്ഗങ്ങളിലൂടെ സ്വകാര്യ വ്യക്തികൾ കയ്യടക്കിവച്ചിരിക്കുന്നത് തിരികെ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് റവന്യൂ വകുപ്പിൽ എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സർക്കാർ വക ഭൂമി അനധികൃതമായി കയ്യടക്കിവച്ചിരിക്കുന്ന ഭൂവുടമകളിൽ നിന്നും ഒഴിപ്പിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി)&(സി) ഉണ്ട്. വില്ലേജ് ഓഫീസർ, താലൂക്ക് സർവ്വേയർ എന്നിവർ സർക്കാർ ഭൂമിയിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് കേസ് എടുക്കുകയും വിവരം തഹസീൽദാരെ അറിയിക്കുകയും ചെയ്യണം. അടിയന്തിര സ്വഭാവമുള്ളവയിൽ അപ്പോൾത്തന്നെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

"ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം"

19 (*394)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly